**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 756** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ രണ്ടാം നൂറ്ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് നടപ്പിലാക്കിയ രണ്ടാം നൂറ്ദിന കർമ്മപദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ്/സഹകരണ സ്ഥാപനങ്ങൾ മുഖേന 500 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും, കേരള ബാങ്ക്, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ , സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റു സഹകരണ സംഘങ്ങൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 19,500 തൊഴിൽ/ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു.<br><br>ടി പദ്ധതി കാലയളവിൽ സഹകരണ വകുപ്പ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ മുഖേന 759 സ്ഥിരം തൊഴിൽ നൽകുന്നതിനും ,കേരള ബാങ്ക് മുഖേന വായ്പാ പദ്ധതികൾ മുഖാന്തിരം 26,093 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, അപ്പെക്സ് ഫെഡറേഷനുകൾ വഴി 37 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 8812 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചു. അപ്രകാരം ടി പദ്ധതി കാലയളവിൽ 759 സ്ഥിരം തൊഴിലുകളും, 34942 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 35,701 തൊഴിൽ / തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ